IT@school

**<u>സർക്കുലർ</u>**

**No. ITS/2009/10/1225 (45)** **തീയതി : 12.10.2009**

**വിഷയം:- ഐ.ടി@സ്കൂൾ പ്രോജക്ട് - ഐ.സി.ടി ഇൻ സ്കൂൾ സ്കീം - സർക്കാർ ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 2009-10 അധ്യയന വർഷം പദ്ധതി പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ പുറപ്പെടുവിക്കുന്നു.**

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പ്രാഥമിക അടിസ്ഥാന ഐ.ടി സൗകര്യങ്ങൾ ഒരുക്കുക, അധ്യാപകരെ ഐ.ടി ഉപയോഗിക്കുന്നതിനും ഐ.ടി അധിഷ്ഠിത പഠനബോധന രീതികൾ ഉപയോഗപ്പെടുത്തുന്നതിനും പ്രാപ്തരാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ഐ.ടി@സ്കൂൾ പ്രോജക്ട് പ്രവർത്തനം ആരംഭിച്ചത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, അധ്യാപക-രക്ഷാകർതൃസമിതികൾ തുടങ്ങി വിവിധ ഏജൻസികളുടെ സഹായത്താൽ സംസ്ഥാനത്തെ എല്ലാ ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ഐ.സി.ടി അനുബന്ധ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ ഐ.സി.ടി അധിഷ്ഠിത ഉപകരണങ്ങളുടേയും ഭൗതീകസൗകര്യങ്ങളുടെയും സ്വയംപര്യാപ്തതയാണ് വിദ്യാഭ്യാസവകുപ്പ് ലക്ഷ്യമിടുന്നത്. വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കും സഹായങ്ങൾക്കുമുപരി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, സന്നദ്ധസംഘടനകൾ തുടങ്ങിയ വിവിധ സഹായ ഏജൻസികളുടെ സഹായത്തോടെയാണ് സ്കൂളുകൾ ഇത് പ്രാവർത്തികമാക്കേണ്ടത്. <u>ഇതിനായി സ്കൂളുകൾ സമഗ്രമായ ഒരു രൂപരേഖ തയ്യാറാക്കേണ്ടതുണ്ട്. ആയതിനാൽ ഇതോടൊപ്പം ചേർത്തിട്ടുള്ള ഫോമിൽ ഓരോ സ്കൂളിന്റെയും ഐ.സി.ടി അനുബന്ധ ഉപകരണങ്ങളുടെയും സൗകര്യങ്ങളുടെയും ആവശ്യകത അറിയിക്കേണ്ടതാണ്.</u> സ്കൂളിൽ അവശ്യം ഉണ്ടായിരിക്കേണ്ട സൗകര്യങ്ങളെക്കുറിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്. സ്കൂൾ പ്രഥമാദ്ധ്യാപകർ, ഹയർ സെക്കണ്ടറി ഐ.ടി കോർഡിനേറ്റർ എന്നിവർ ഐ.ടി@സ്കൂൾ പ്രോജക്ടിലെ മാസ്റ്റർട്രെയിനർമാരുടെ സഹായത്തോടെ 2009 ഒക്ടോബർ 20 നുമുമ്പ് അനുബന്ധമായി ചേർത്തിരിക്കുന്ന മാതൃകയിൽ തയ്യാറാക്കി അതത് മാസ്റ്റർട്രെയിനർ കോർഡിനേറ്ററെ ഏൽപിക്കേണ്ടതാണ്. മാസ്റ്റർ ട്രെയിനർ കോർഡിനേറ്റർ 2009 ഒക്ടോബർ 24നുമുമ്പ് അവ ക്രോഡീകരിച്ച് ജില്ലാ കോർഡിനേറ്റർക്ക് നല്കേണ്ടതാണ്. ജില്ലയുടെ ക്രോഡികരിച്ച റിപ്പോർട്ട് 2009 ഒക്ടോബർ 27നുമുമ്പ് ജില്ലാകോർഡിനേറ്റർ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

ഐ.സി.ടി അനുബന്ധ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കേണ്ടത് സ്കൂൾ പി.ടി.എയുടെ ഉത്തരവാദിത്വത്തിലാണ്. ഇതിനാവശ്യമായ ചിലവിന്റെ നിശ്ചിത ഭാഗം ഐ.ടി@സ്കൂൾ പ്രോജക്ട് സ്കൂളുകൾക്ക് നല്കുന്നതാണ്. സ്കൂളിന് നല്കുന്ന സഹായം താഴെ പറയുന്ന രീതിയിലായിരിക്കും:

1. സ്കൂളുകൾക്ക് ആവശ്യമായ ഹാർഡ്‌വെയർ ഉപകരണങ്ങളുടെ വിശദ വിവരങ്ങളും പ്രൊഫോർമയും ഇതിനോടൊപ്പം ചേർത്തിരിക്കുന്നു.
2. കമ്പ്യൂട്ടർ, പ്രൊജക്ടർ തുടങ്ങിയവ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ പവർ സോക്കറ്റുകൾ, ഫാൻ, ലൈറ്റ് എന്നിവ പ്രവർത്തിപ്പിക്കുന്നതി

നാവശ്യമായ സ്വിച്ചുകൾ എന്നീ സൗകര്യങ്ങളോടെ 10 ക്ലാസ് മുറികൾ എർത്തിംഗ് ഉൾപ്പെടെ വൈദ്യുതീകരിക്കുന്നതിന് പരമാവധി 15,000 രൂപവരെ അനുവദിക്കുന്നതാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ഇതിനുപുറമേ കമ്പ്യൂട്ടർ ലാബിന്റെ (ലാബുകളുടെ) വൈദ്യുതീകരണത്തിനും എർത്തിംഗിനുമായി 5000 രൂപാവരെ അനുവദിക്കുന്നതാണ്.

3. ഒരു കമ്പ്യൂട്ടർലാബ് പുതുതായി നെറ്റ്‌വർക്ക് ചെയ്യുന്നതിന് പരമാവധി 20,000 രൂപ അനുവദിക്കുന്നതാണ്. എന്നാൽ നിലവിലുള്ള നെറ്റ്‌വർക്ക് സംവിധാനത്തിലുള്ള അപാകതകൾ പരിഹരിക്കുക, അപ്ഗ്രേഡ് ചെയ്യുക തുടങ്ങിയ ആവശ്യത്തിന് പരമാവധി 5000 രൂപ അനുവദിക്കുന്നതാണ്. ആവശ്യമായ നെറ്റ്‌വർക്കിംഗ് ഉപകരണങ്ങൾ വാങ്ങിക്കുന്നതിനുൾപ്പെടെ ഈ തുക ഉപയോഗിക്കാവുന്നതാണ്.

ജില്ലകളിൽ നിന്ന് ലഭിക്കുന്ന സ്കൂളുകളുടെ ആവശ്യകത ഐ.ടി @സ്കൂൾ പ്രോജക്ടിന്റെ സ്റ്റേറ്റ് ഓഫീസ് പരിശോധിച്ച് ഓരോ സ്കൂളിനും അനുവദിച്ച ഐ.സി.ടി സഹായം പ്രോജക്ടിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം (for information)

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ (ഹയർ സെക്കണ്ടറി വിദ്യാഭ്യാസം)

റീജിയണൽ അസിസ്റ്റന്റ് ഹയർ സെക്കണ്ടറി ഡയറക്ടർമാർ (വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം)

എല്ലാ ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും

എല്ലാ ജില്ലാ കോർഡിനേറ്റർ,മാസ്റ്റർ ട്രെയിനർ കോർഡിനേറ്റർമാർക്കും -

*(ആവശ്യമായ ക്രമീകരണങ്ങൾക്ക്)*

## ഓരോ സ്കൂളിലും അവശ്യം ഉണ്ടായിരിക്കേണ്ട ഐ.സി.ടി അനുബന്ധ ഉപകരണങ്ങൾ

| കമ്പ്യൂട്ടർ ലാബ് | ലാപ് ടോപ്പ് കമ്പ്യൂട്ടർ | മൾട്ടിമീഡിയ പ്രോജക്ടർ | പ്രിന്റർ (Dotmatrix) | പ്രിന്റർ (Laser) | ഹാൻഡി ക്യാം | സ്കാനർ | ഫോട്ടോ കോപ്പിയർ (Optional) | ഹാർഡ് ഡിസ്ക് (External) | മൾട്ടി മീഡിയ റൂം (50 പേർക്ക് ഇരിക്കാൻ സൗകര്യമു ള്ളത്) |
|---|---|---|---|---|---|---|---|---|---|
| 15 കമ്പ്യൂട്ടറുകൾ ഉൾക്കൊള്ളാൻ കഴിയുന്ന ലാബ് | 2 | 2 | 1 | 1 | 1 | 1 | 1 | 1 | 1 |

*കമ്പ്യൂട്ടർ ഒരു വിഷയമായി പഠിപ്പിക്കുന്ന ഹയർസെക്കന്ററി സ്കൂളുകളിൽ ആവശ്യത്തിന് ഐ.സി.ടി അനുബന്ധ ഉപകരണങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ 120 മുതൽ 360 വരെ കുട്ടികൾ ഉള്ള സ്കൂളുകളിൽ 2 കമ്പ്യൂട്ടർ ലാബുകളും 360-ന് മുകളിൽ കുട്ടികൾ ഉള്ള സ്കൂളുകളിൽ 3 കമ്പ്യൂട്ടർ ലാബുകളും അഭികാമ്യം.*

## ഓരോ സ്കൂളിലും ഉണ്ടായിരിക്കേണ്ട ഐ.സി.ടി അനുബന്ധ സൗകര്യങ്ങൾ

- എല്ലാ ക്ലാസുകളും വൈദ്യുതീകരിച്ചിരിക്കണം
- രണ്ടിലധികം കമ്പ്യൂട്ടർലാബുള്ള സ്കൂളുകളിൽ Three Phase വൈദ്യുതി സൗകര്യം ഉണ്ടായിരിക്കണം
- കമ്പ്യൂട്ടർലാബ് നെറ്റ്‌വർക്ക് ചെയ്തതായിരിക്കണം
- കമ്പ്യൂട്ടർലാബിലെ എല്ലാ കമ്പ്യൂട്ടറുകളിലും ഇന്റർനെറ്റ്സൗകര്യം ലഭ്യമാക്കിയിരിക്കണം

## ICT SCHOOL SURVEY 2009
## FORM FOR COLLECTING ICT DETAILS FROM GOVERNMENT HIGHER SECONDARY AND VOCATIONAL HIGHER SECONDARY SCHOOLS

| | |
|---|---|
| 1. School Code | |
| 2. School Name | |
| 3. Revenue District | |
| 4. School Address (with PIN) | |
| 5. Phone No. (with STD Code) | |
| 6. Name of Principal | |
| 7. Mobile No. of Principal | |
| 8. Name of HITC | |
| 9. Mobile No. of HITC | |
| 10. School email ID | |

*** Kindly note that all further communication shall be through this ID**

| | |
|---|---|
| 11. Whether school email id is being used regularly | Yes/No |
| 12. Whether the Higher Secondary Section is having a separate BSNL land phone ? | Yes/No |
| If yes, specify the telephone number with STD Code. | |
| 13. Whether the Higher Secondary Section of the school is having internet connection<br>If yes, specify the type of connection | Yes/No |

| **Broad Band** | **Dial up** | **WLL** | **Provided by** |
|---|---|---|---|
| | | | School/IT@School |

14. Details of Hardware available in school

| **Items** | Comp uter | Printers | | | DLP/LCD projector | Scanner | Handycam |
|---|---|---|---|---|---|---|---|
| | | Laser | Dotmatrix | Inkjet | | | |
| **No.s** | | | | | | | |
| **Items** | Laptop | UPS | | | | TV | Photocopier |
| | | 600VA | 1 KVA | 2 KVA | 5 KVA | | |
| **No.s** | | | | | | | |
| **Other items** (pls specify the items with no.s. eg: Digital camera (1 no.)) | | | | | | | |

15. Whether Separate computer lab is available for HSS/VHSS sections Yes/No

17. If Yes, Details of computer lab in Higher Secondary/VHSS Section.

| No. of Computer Lab | Total No. of Computers | No. of Working Computers | No. of computers purchased/ received after Jan 2004 | No. of computers with Internet facility | No. of networked computer available |
|---|---|---|---|---|---|
| | | | | | |

18. Average monthly electricity charges (if separate connection is available to HSS section) **Rs.**

19. Electricity connection for school lab is **Separat** ☐ **Comm** ☐

(Tick the appropriate box)

20. Body/Agency meeting the electricity charges

| IT Advisory fund | PTA Fund | Local bodies (Pls specify Dist Panchayath/Corp/Municipality) | | | Others (Pls specify the agency below) |
|---|---|---|---|---|---|
| | | Dist Panchayath | Grama Panchayath | Corporation/ Municipality | |
| | | | | | |

21. Details of students

| Standard | XI | XII | Total |
|---|---|---|---|
| **No. of Divisions** | | | |
| **No. of students** | | | |

## ICT SCHOOL REQUIREMENT FOR 2009-10

### A. Hardware requirements

| Sl No. | Items | Unit Rate | No. required | Total amount |
|---|---|---|---|---|
| 1. | Computer | Rs.20,000/- | | |
| 2. | UPS 600VA | Rs.2000/- | | |
| 3. | Laptop | Rs.21,000/- | | |
| 4. | Laser Printer | Rs.6,500/- | | |
| 5. | Dot-matrix Printer | Rs.7,500/- | | |
| 6. | Scanner | Rs.3,100/- | | |
| 7. | Handycam | Rs. 28,000/- | | |
| 8. | DLP/LCD Projector | Rs. 29,000/- | | |
| 9. | TFT monitor 16 inch | Rs.5,200/- | | |
| 10. | Mouse | Rs. 450/- | | |
| 11. | Keyboard | Rs. 400/- | | |
| 12 | LCD TV 22 inch | Rs. 23,000/- | | |
| 13. | 3 KVA offline UPS | Rs. 60,000/- | | |
| 14. | External Harddisk (250 GB) | Rs. 4000/- | | |
| 15. | 4 in 1 Printer(Laser printer/Fax/Copier/Scanner) | Rs. 25,000/- | | |
| **Total Amount** | | | | |

### B. Classroom Electrification Details

| Total No. of classroom in High school session | | No. of classroom electrified | | No. of classroom to be electrified | |
|---|---|---|---|---|---|

| | | |
|---|---|---|
| 1. | No. of Classroom intended to be electrified under this scheme | |
| 2. | Whether there is proper earthing in the School | **Yes/ No** |
| 3. | Whether the school is having 3-phase electric connection | **Yes/ No** |
| 4. | Total amount required to electrify requested classrooms (Amount limited as per instructions in circular) | **Rs.** |

**C. Networking Details**

Total No. of computer lab [ ] No. of lab networked [ ]

| | | |
|---|---|---|
| 1. | Whether new computer lab is to be networked | **Yes/ No** |
| | If yes, Amount required to network the new lab (Amount limited to a Max of Rs. 20,000/-) | **Rs.** |
| 3. | Whether the existing lab's network needed to be repaired / Upgraded | **Yes/ No** |
| | If yes, Amount required to repaire/ Upgrade network of the lab (Amount limited to a Max of Rs. 5,000/-) | **Rs.** |

**D. Computer lab electrification**

Whether there is need to electrify the existing computer lab [Yes/No]

If Yes, Amount required to electrify computer La [**Rs.**]
(Amount limited to a Max of Rs. 5,000/-)

**Total Amount Requested (A+B+C+D)** [**Rs.**]

**Signature of Principal/Authorized Person**

------------------------------------------------------------------------------------------
--------

**For Official Use Only**

| | Item | Amount |
|---|---|---|
| A. | Hardware | |
| B. | Classroom electrification | |
| C. | Networking | |
| D. | Electrification of Comp. lab | |
| **Total** | | |

## അനുബന്ധം

# ക്ലാസ് റൂം/ലാബ് വൈദ്യുതീകരണം

ഐസിടി അധിഷ്ഠിത വിദ്യാഭ്യാസം സംസ്ഥാനത്ത് നടന്നുവരികയാണല്ലോ. ഇതിന്റെ ഭാഗമായി സ്കൂളുകൾക്ക് ലാപ്ടോപ്പ്, ഡിജിറ്റൽ പ്രൊജക്ടർ, കമ്പ്യൂട്ടർ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ നൽകിയിട്ടുണ്ട്. മിക്കവാറും എല്ലാ ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്കും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഇന്റർനെറ്റിൽ നിന്നും വിവരശേഖരണം നടത്തുന്നതിനും ക്ലാസ് റൂം പരിശീലനത്തിന് ആവശ്യമായ ഐടി അധിഷ്ഠിത പഠനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള സൗകര്യം ഇപ്പോൾ നമ്മുടെ സ്കൂളുകളിൽ ലഭ്യമാണ്. പഠനത്തിന്റെ ഭാഗമായി കുട്ടികളെ തുടർച്ചയായി കമ്പ്യൂട്ടർ ലാബിൽ കൊണ്ടു പോകുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ട് അനവഭവപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിലാണ് ഡിജിറ്റൽ പ്രൊജക്ടറും ലാപ്ടോപ്പും ഉപയോഗിച്ച് ക്ലാസിൽ നിന്നു തന്നെ കുട്ടികൾക്ക് ഐടി സഹായക പഠനം ലഭ്യമാക്കണമെന്ന ആശയത്തിന് പ്രാധാന്യമേറുന്നത്.

എന്നാൽ നമ്മുടെ ക്ലാസ് മുറികളിൽ വൈദ്യുതി ലഭ്യമല്ലാത്തത് ഐടി സഹായക പഠനത്തിന് പ്രതിബന്ധം സൃഷ്ടിക്കുന്നു. വളരെക്കുറച്ച് സ്കൂളുകളിൽ മാത്രമാണ് ക്ലാസ് മുറികൾ വൈദ്യുതീകരിച്ചിട്ടുള്ളത്. വൈദ്യുതീകരിച്ച ക്ലാസ് മുറികളിൽ ലാപ്ടോപ്പും ഡിജിറ്റൽ പ്രോജക്ടറും ഉപയോഗിച്ച് ഐടി സഹായത്തോടെ പാഠഭാഗങ്ങൾ എളുപ്പത്തിലും രസകരമായും വിനിമയം ചെയ്യാൻ അധ്യാപകന് കഴിയും.

**ലക്ഷ്യം**

1. ഒരു സ്കൂളിൽ ചുരുങ്ങിയത് പത്ത് ക്ലാസ് മുറികളെങ്കിലും വൈദ്യുതീകരിച്ചിരിക്കണം. ഒരു ക്ലാസ് മുറിയിൽ 3 പ്ലഗ്ഗ് പോയിന്റുകൾ, ഒരു ലൈറ്റ് പോയിന്റ്, ഒരു ഫാൻ പോയിന്റ്, 1DB സ്വിച്ച്, ഫ്യൂസ് എന്നിവ ഉൾപ്പെടുത്തി ആയിരിക്കണം വൈദ്യുതീകരിക്കേണ്ടത്. (വൈദ്യുതീകരണത്തിന് ഉപയോഗിക്കേണ്ട ഉപകരണങ്ങളുടെ ലിസ്റ്റ് നൽകിയിരിക്കണം. ഇവ നിശ്ചിത നിലവാരത്തിലുള്ളതായിരിക്കണം)

2. ലാപ്ടോപ്പ്, ഡിജിറ്റൽ പ്രൊജക്ടർ എന്നിവ ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് സൗകര്യമുണ്ടാക്കുക.

3. ഐടി അധിഷ്ഠിതമായി പഠനം കൂടുതൽ എളുപ്പവും രസകരവുമാക്കുക.

4. സ്കൂളുകൾക്ക് വിതരണം ചെയ്ത ലാപ്ടോപ്പ്, ഡിജിറ്റൽ പ്രൊജക്ടർ,മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയണം.

**<u>നടത്തിപ്പ്</u>**

1. ഐസിടി സ്കീമിൽ ഉൾപ്പെടുത്തി വൈദ്യുതീകരണത്തിനായി പത്തു ക്ലാസ്മുറികൾക്ക് 15000/- രൂപ അനുവദിക്കുന്നതാണ്. പ്രോജക്ട് അനുവദിക്കുന്ന തുകയെക്കാൾ കൂടുതൽ തുക വൈദ്യുതീകരണത്തിന് ആവശ്യമെങ്കിൽ ആയത് സ്കൂളുകൾ പി.ടി.എ മുഖേനയോ മറ്റു സോഴ്സുകളിൽ നിന്നോ കണ്ടെത്തേണ്ടതാണ്.

2. തുക വിതരണം ചെയ്യുന്നതിന്റെ നടപടിക്രമങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

3. ശരിയായ രീതിയിലുള്ള എർതിംഗ് ഉണ്ടായിരിക്കണം.

ക്ലാസ് മുറികൾ വൈദ്യുതീകരിക്കുന്നതോടെ ലാപ്ടോപ്പ് ഉപയോഗിച്ച് ഇന്റർനെറ്റ്, ക്ലാസ് മുറികളിൽ നിന്നുതന്നെ (Wireless) ബ്രൗസ് ചെയ്യുന്നതിന് സാധിക്കും.

**വൈദ്യുത സർക്കീട്ടിൽ ഉണ്ടായിരിക്കേണ്ട ഉപകരണങ്ങൾ (ഏകദേശ കണക്ക്)**

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | 3പിൻ സോക്കറ്റ് | 3 |
| 2 | സ്വിച്ച് | 5 |
| 3 | 3x3 സ്വിച്ച് ബോർഡ് | 1 |
| 4 | 15x415 ഫ്യൂസ് | 1 |
| 5 | DP- സ്വിച്ച് | 1 |
| 6 | 1.0 mm - വയർ | 30 മീറ്റർ (ഏകദേശം) |
| 7 | 3/4 Pipe | 3 |
| 8 | 3/4 Bend | 3 |
| 9 | 3/4 Clamp | 15 |
| 10 | 3/4 Junction Box | 2 |
| 11 | 3/4 Ceiling Rose | 2 |

